ത്തി കോമ്പറിഷൻ വേണമെന്നല്ലാതെ അൺ ഹെൽത്തി കോമ്പറിഷൻ വേണമെന്നു് എനിക്കഭിപ്രായമില്ല.

മിസ്റ്റർ പി. മാണി: ഇതു് സജഷൻ ആണോ, അതോ ഇൻസ്ട്രക്ഷനോ ?

റാവുബഹദൂർ ടി. കെ. നായർ: ഇതു് സജഷനാണു്. ഈവക കാര്യങ്ങൾ തീർച്ചയാക്കുവാൻ ഒരു നോൺ ഒഫീഷ്യൽ കമ്മിറ്റിയുണ്ടു്. ബസ്സുടമസ്ഥന്മാരുടെ അഭിപ്രായം ന്യായമാണെന്നു തോന്നിയതുകൊണ്ടു് അതു് കമ്മിറ്റിയുടെ ശ്രദ്ധയിൽപെടുത്തിയെന്നമാത്രമെയുള്ളു.

മിസ്റ്റർ പി. മാണി: ഇങ്ങനെ അഭിപ്രായം ബോധിപ്പിക്കുന്നതിനുപകരം ട്രാൻസ്പോർട്ടു് അതോറിട്ടിയുടെ തീർപ്പിന്മേൽ അവർക്കു് അപ്പീൽ ബോധിപ്പിക്കാമായിരുന്നില്ലേ ?

റാവുബഹദൂർ ടി. കെ. നായർ: അപ്പീലിനുമേൽ തീർപ്പുചെയ്യാനുള്ള അവകാശം ഉപയോഗപ്പെടുത്താതെയിരിക്കണമെന്നു വിചാരിച്ചാണു് ഇങ്ങനെ ഒരു സജഷൻ അയച്ചതു്.

മിസ്റ്റർ എം. കെ. രാജാ: ബസ്സുയാത്രക്കാരുടെ ആധിക്യംമൂലം ദൂരയാത്രക്കാരെയല്ലാതെ ഇടക്കു ഇറങ്ങാനുള്ളവർക്കു് യാത്രചെയ്യാനേ തരപ്പെടാറില്ലെന്നുള്ള വസ്തുത ഗവർമ്മെണ്ടിനറിയാമോ ? ഈ കാര്യത്തിൽ ഗവർമ്മെണ്ടു് വേണ്ടശ്രദ്ധ ചെലുത്തുമോ എന്നാണറിയാനുള്ളതു്.

റാവുബഹദൂർ ടി. കെ. നായർ: ഇതിൽ ഗവർമ്മെണ്ടല്ല ശ്രദ്ധ ചെലുത്തേണ്ടതു്. ഈ വിവരങ്ങൾ മുഴുവൻ ട്രാൻസ്പോർട്ടു് അതോറിട്ടിക്കു് അയച്ചുകൊടുക്കുകയാണു് വേണ്ടതു്.

LAND ACQUISITION FOR COLLEGE IN MATTANCHERI

293. Mr. L. M. Pylee (*Latin Christians-Ernakulam*): Will Government be pleased to state.—

(*a*) whether lands are going to be acquired by them for the purpose of a proposed college in Mattacheri;

(*b*) if so, the extent of the area proposed to be acquired;

(*c*) the number of houses in the area;

(*d*) the approximate number of persons that will be involved in the eviction;

(*e*) whether these people are mostly labourers or of the well-to-do classes;

(*f*) whether any alternative sites close by and sparsely populated are not available for the purpose; and

(*g*) what arrangements Government will make to house the evicted people ?

Mr. C. R. Iyyunni (*Minister for Revenue*):

(*a*) Yes.

(*b*) 14·96 acres.

(*c*) 101.

(*d*) 500 approximately.

(*e*) Mostly labourers.

(*f*) No.

(*g*) Government are considering the question of providing alternative house sites not far away from this site to the homeless Kudikidappu tenants.

ANTI-CORRUPTION DRIVE

294. Mr. K. Balakrishna Menon (*Cheruthuruthi*): Will Government be pleased to state.—

(*a*) if they are aware of the orders issued by the Government of Madras regarding Anti-corruption Drive;

(*b*) if so, why they have not introduced the same here?

Rao Sahib A. Madhava Prabhu (*Chief Secretary to Government*):

(*a*) Yes. The orders of the Madras Government on the subject have just been obtained.

(*b*) Government thought that the system introduced here will be more suitable.

BOYS' HIGH SCHOOL, TRIPPUNITTURA—ABSENCE OF TEACHERS AND NON-AVAILABILITY OF FURNITURE

295. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവർമ്മെണ്ടു് സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly

(എ) ഉറുപ്പുണിത്തുറ ബോയിസ് ഹൈസ്കൂളിൽ അദ്ധ്യാപകന്മാരും സ്ഥലവും ബഞ്ച് തുടങ്ങിയ ഉപകരണങ്ങളും വേണ്ടിടത്തോളം ഇല്ലെന്നും അവിടത്തെ ഹെഡ്മാസ്റ്റർ ഈ വിദ്യാഭ്യാസവർഷത്തിന്റെ ആരംഭംമുതൽ ഇന്നേവരെ എത്രപ്രാവശ്യം വിദ്യാഭ്യാസമേലധ്യക്ഷനു റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഈ റിപ്പോർട്ടുകളെ അനുസരിച്ച് എടുത്ത നടപടികൾ എന്തെല്ലാം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) മൂന്നുപ്രാവശ്യം.

(ബി) സ്കൂളിൽ ആവശ്യമുള്ള അദ്ധ്യാപകന്മാരെ നിയമിക്കുകയും അത്യാവശ്യമായ ബഞ്ചു, ഡസ്ക്കു, മേശ, കസേര മുതലായ ഉപകരണങ്ങൾ നൽകുകയും സ്ഥലസൌകര്യം ഉണ്ടാക്കുന്നതിലേക്കുവേണ്ട നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

മിസ്റ്റർ പി. നാരായണമേനോൻ: മൂന്നാമത്തെ പ്രാവശ്യം റിപ്പോർട്ട് കിട്ടിയതു് എന്നാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിന്റെ തിയ്യതി പറയുവാൻ നോട്ടീസു വേണം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: മീനമാസം ഫ ൪-ാംനു-യോ മറേറാ ആണു് സ്കൂൾ പൂട്ടിയതു്. അതിനു എത്രദിവസം മുമ്പാണു് റിപ്പോർട്ട് കിട്ടിയതു് എന്നു പറയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പറയുവാൻ സാദ്ധ്യമല്ല.

മിസ്റ്റർ പി. നാരായണമേനോൻ: ഏതു മാസത്തിലാണെന്നു പറയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: റിപ്പോർട്ട് ഇവിടെയില്ല. അതുകൊണ്ടു് ഏതുമാസമാണെന്നുപറയുവാൻ നിവൃത്തിയില്ല. റിപ്പോർട്ട് കിട്ടിയ ഉടനെ നടപടിയെടുത്തിട്ടുണ്ട്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഈവക ബുദ്ധിമുട്ടുകൾ അനുഭവിച്ചുകൊണ്ടല്ലേ ഫീസുകൊടുക്കുന്ന കുട്ടികൾ അവിടെ കഴിച്ചുകൂട്ടിയതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഫീസുകൊടുക്കാത്ത കുട്ടികൾക്കും ഈവക ബുദ്ധിമുട്ടുകളുണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: എല്ലാ കുട്ടികളും ഒരുപോലെയല്ലെ ഈ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പല സ്കൂളുകളിലും ഫർണീച്ചർ ഇല്ലാത്ത ബുദ്ധിമുട്ടും, മാസ്റ്റർമാർ ഇല്ലാത്ത ബുദ്ധിമുട്ടും, സ്ഥലസൌകര്യമില്ലാത്ത ബുദ്ധിമുട്ടും ഉണ്ടു്. കുറച്ചുകാലമായി സ്റ്റാഫ് സിലക്ഷൻ ബോർഡിൽനിന്നു് അദ്ധ്യാപകന്മാരെ നിയമിച്ചു് ഉത്തരവു പോയാൽ പല കാരണങ്ങളാലും അവർ ഉദ്യോഗത്തിൽ ചേരാറില്ല എന്ന കാരണത്താൽ അദ്ധ്യാപകന്മാരുടെ കുറവു് കുറച്ചുണ്ടായിരുന്നു. അതിനെ പരിഹരിക്കുവാൻ നടപടികളെടുക്കുന്നുണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഈ ദുരവസ്ഥ കഴിഞ്ഞ എടവമാസം മുതൽ മീനമാസംവരെ കുട്ടികൾക്ക അനുഭവപ്പെട്ടുകൊണ്ടല്ലെ വന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ അവസ്ഥ കുറച്ചുകാലമുണ്ടായിരുന്നു.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഈ വിദ്യാലയവർഷത്തിൽ അധികഭാഗവും ഇങ്ങനെതന്നെയല്ലെ അനുഭവപ്പെട്ടിട്ടുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇതു് ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽപെട്ട ഉടനെ അദ്ധ്യാപകന്മാരുടെ കുറവു പരിഹരിക്കുവാനും മറ്റും ശ്രമിച്ചിട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഗവണ്മെണ്ടിന്റെ ഈ ജാഗ്രതയിൽ സന്തോഷിക്കുന്നു. പക്ഷെ അധികകാലവും ഈ ദുരവസ്ഥയിലല്ലെ കുട്ടികൾ കഴിഞ്ഞുകൂടിയിട്ടുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വേണ്ടിടത്തോളം സൌകര്യമില്ലാത്തതുകൊണ്ടു് കുറച്ചുകാലം അങ്ങിനെ കഴിഞ്ഞുകൂടേണ്ടിവന്നിട്ടുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: ആദ്യത്തെ റിപ്പോർട്ട് കിട്ടിയപ്പോൾ വേണ്ടനടപടികളെടുത്തിരുന്നുവെങ്കിൽ രണ്ടാമത്തേയും, മൂന്നാമത്തേയും റിപ്പോർട്ടുകൾ അയക്കേണ്ട ആവശ്യം വരുമായിരുന്നോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇതു് ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽപെട്ട ഉടനെ വേണ്ടനടപടികളെടുത്തിട്ടുണ്ടു്. അദ്ധ്യാപകന്മാരെ കിട്ടുന്നതിനു ബുദ്ധിമുട്ടുകളുണ്ടായിരുന്നു. അതിനെ പരിഹരിക്കുവാനും ഗവമ്മെണ്ടു് ശ്രമംചെയ്യുവരികയാണു്.

മിസ്റ്റർ പി. ടി. ജേക്കബ്ബു്: അതു് ഗവമ്മെണ്ടു് നടത്തുന്ന സ്കൂളല്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതെ.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: അതു് പ്രൈവറ്റ് ഏജൻസിക്കു് ഏറെറടുക്കാൻ സാധിക്കുമൊ എന്നാലോചിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

Mr. P. Kumaran Ezhuhassan *(Vadakkancheri):* I ask for information Sir, whether the Government will be pleased to consider the question of finding out a private agency who will be prepared to take up school and run it differently, completely differently, from what is being done now, that is the question. I would like to know, Sir, whether it is not a question for information, and if it is a question for information, I wait for an answer.

Mr. President: Yes.

Mr. P. Govinda Menon *(Minister for Food and Education):* What future conduct Government is going to have I am not in a position just now to say.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Sorry, Sir.

മിസ്റ്റർ പി. നാരായണമേനോൻ: സ്ഥലസൌകര്യം ഇല്ലാത്തതിനെസംബന്ധിച്ചു എന്തു നടപടികളാണെടുത്തതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സ്ഥലസൌകര്യക്കുറവിനെസംബന്ധിച്ചു് നടപടികളൊന്നും എടുത്തിട്ടില്ല.

മിസ്റ്റർ പി. നാരായണമേനോൻ: അവിടെനിന്നയച്ച മൂന്നു റിപ്പോർട്ടുകളിലും സ്ഥലസൌകര്യമില്ലാ എന്നു പറഞ്ഞിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: റിപ്പോർട്ടുകൾ കൈവശമില്ലാത്തതുകൊണ്ടു് അതിലെ കാര്യങ്ങൾ ചോദിച്ചാൽ പറയുവാൻ പ്രയാസമാണു്. സ്കൂളിനെസംബന്ധിച്ചു് ന്യൂനതകളില്ലെന്നു പറയുന്നില്ല. അതിനെ നീക്കംചെയ്യാൻ പരിശ്രമിക്കുന്നുണ്ടു്. ഇങ്ങനെയുള്ള വല്ല ന്യൂനതകളും ബഹുമാനപ്പെട്ട മെമ്പർമാരുടെ സഹായത്തോടുകൂടി ഗവമ്മെണ്ടു് അന്വേഷിച്ചു് അങ്ങിനെ ഉണ്ടെന്നു തെളിഞ്ഞാൽ അതിനെ പരിഹരിക്കാവുന്നതാണു്.

മിസ്റ്റർ പി. നാരായണമേനോൻ: സ്ഥലം ഇല്ലാത്തതുകൊണ്ടു് പ്രൈമറി ക്ലാസ്സുകൾ Shift system അനുസരിച്ചാണു് നടന്നു വന്നിരുന്നതെന്നു് അറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അവിടെ മാത്രമല്ല, കൊച്ചിയിൽ പല സ്കൂളുകളിലും Shift system സ്വീകരിക്കേണ്ടി വന്നിട്ടുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: Shift system അനുസരിച്ചു 8 മണിക്കൂർ പഠിപ്പിക്കേണ്ട പാഠങ്ങൾ 6½ മണിക്കൂർ കൊണ്ടു പഠിപ്പിക്കുവാനുള്ള പുതിയ കരിക്കുലം ഗവമ്മെണ്ടു് അംഗീകരിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: Shift system അനുസരിച്ചു് 8 മണിക്കൂർ പഠിപ്പിക്കുവാൻ സാധ്യമല്ലല്ലൊ.

മിസ്റ്റർ പി. നാരായണമേനോൻ: കുട്ടികളെ ഇങ്ങനെ അത്മീയാത്മപട്ടിണിക്കു വിട്ടുകൊടുക്കുന്നതു് സ്ഥലസൌകര്യം ഇല്ലാത്തതുകൊണ്ടല്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പല ഇല്ലായ്മകളും ഉണ്ടു്. അതിൽ ഒന്നാണു് സ്ഥലസൌകര്യമില്ലായ്മ.

മിസ്റ്റർ പി. നാരായണമേനോൻ: ഇപ്പോൾ എന്തു് ഇല്ലായ്മയാണു് ഉള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇപ്പോൾ സ്കൂൾ പൂട്ടിയിരിക്കയാണു്.

മിസ്റ്റർ പി. നാരായണമേനോൻ: സ്കൂൾ പൂട്ടുന്നതിനു മുമ്പു് സ്ഥലസൌകര്യം ഇല്ലായ്മ ഉണ്ടായിരുന്നില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സ്ഥലം ഇല്ലായ്മ ഇപ്പോഴും ഉണ്ടു്. അതൊക്കെ പരിഹരിക്കുവാൻ വേണ്ട നടപടികളെടുത്തു തുടങ്ങീട്ടുണ്ടു്. കുറച്ചു കാലത്തേക്കു് അദ്ധ്യാപകന്മാർ വേണ്ടിടത്തോളം ഉണ്ടായിരുന്നില്ല. പിന്നീടു് അദ്ധ്യാപകന്മാർ വേണ്ടിടത്തോളം ഉ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടായി പക്ഷെ, സ്ഥലവും മറ്റു ഉപകരണങ്ങളും തൽക്കാലം ഇല്ലാതിരുന്നതുകൊണ്ട് shift system കുറച്ചു കാലത്തേക്ക് നിലനിറുത്തികൊണ്ടുപോകേണ്ടിവന്നു. ഇനി സ്ഥലം ഉറക്കുമ്പോഴേയ്ക്കും ഈവക ന്യൂനതകളും പരിഹരിക്കണമെന്നാണ് എന്റെ ആഗ്രഹം.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ : പണം ഇല്ലായ്മ ഇതിനൊരു കാരണമാകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഇല്ല.

മിസ്റ്റർ പി. നാരായണമേനോൻ: സ്ഥലസൌകര്യം ഇല്ലായ്മ എന്നേയ്ക്കു തീർക്കുവാൻ സാധിക്കും?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഇതു് ഒരു ദിവസം കൊണ്ടോ, ഒരു മാസം കൊണ്ടോ ചെയ്യു തീർക്കാവുന്നതല്ല. ഗവർമ്മേണ്ടു് ഈ കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നുണ്ടു്. ഇതു് തൃപ്പൂണിത്തുറയിലുള്ള ഒരു സ്കൂളിന്റെ കാര്യം മാത്രമല്ല, കൊച്ചിയിൽ ഒട്ടാകെയുള്ള സ്കൂളുകളുടെ കാര്യത്തിൽ ചെയ്യേണ്ടതാണു്. ഈവക കുറവുകളും പോരായ്മകളും നികത്തുവാൻ ബഹുമാനപ്പെട്ട മെമ്പറും ഈ സഭയും കുറച്ചു സമയം തരണമെന്നു് അഭ്യർത്ഥിക്കുന്നു.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ : ഈ കാര്യങ്ങളും പൂർത്തിയാക്കാത്തതു് ഗവർമ്മേണ്ടു് യന്ത്രത്തിന്റെ ചക്രം തിരിയുന്നതിന്റെ മാന്ദ്യതകൊണ്ടല്ലെ?

മിസ്റ്റർ പി ഗോവിന്ദമേനോൻ : ചക്രം തിരിയുന്നതിൽ ചില വ്യത്യാസങ്ങളൊക്കെയുണ്ടു്. അതുകൊണ്ടാണു്.

മിസ്റ്റർ പി. നാരായണമേനോൻ : ഇനിയത്തെ കൊല്ലവും ഇങ്ങിനെതന്നെ തുടരേണ്ടതായി വരുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഇല്ലെന്നാണു് എന്റെ വിശ്വാസം.

TOUR TO DELHI—SECRETARY TO GOVERNMENT—DEVELOPMENT, ETC., DEPARTMENTS

296. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവർമ്മേണ്ടിൽനിന്നും സഭയെ മറുപടി പറയുമോ.—

(എ) കൊച്ചിഗവർമ്മെണ്ടിന്റെ ഡവലപ്പുമെൻറു് വകുപ്പു് സിക്രട്ടറി ഫെബ്രുവരി ഡിസംബർ മാസം- ഡൽഹിക്കുപോകുകയുണ്ടായൊ;

(ബി) പ്രസ്തുത തിയ്യതിയിൽ വിദ്യാഭ്യാസമന്ത്രിയും ഫിനാൻസുവകുപ്പുസിക്രട്ടറിയും ഡൽഹിയിൽ ക്യാമ്പുചെയ്യുന്നുണ്ടായിരുന്നൊ;

(സി) ഭക്ഷ്യ-വിദ്യാഭ്യാസമന്ത്രിയുടെ ഒരു കത്തിനു മറുപടിയുംകൊണ്ടാണു് ഡവലപ്പുമെൻറു് സിക്രട്ടറിപോയതെന്നു് ഫെബ്രുവരി ഡിസംബർ മാസം തിയ്യതിയിലെ മലബാർ മെയിലിൽ കണ്ടവാർത്ത ശരിയാണൊ;

(ഡി) ഡവലപ്പുമെൻറു് സിക്രട്ടറിയുടെ ഡൽഹിയാത്രയുടെ യഥാർത്ഥ ആവശ്യം എന്തായിരുന്നു?

റാവുസാഹിബു് എ. മാധവപ്രഭു:

(എ) ഉവ്വു്.

(ബി) ഉണ്ടായിരുന്നു.

(സി) ശരിയല്ല.

(ഡി) അതു രഹസ്യമാണു്.

MANAGERS, VADAKKANCHERI CENTRAL DEPOT—TRANSFER OF

297. **Mr. Paramel Ipe Ipe** *(Kunnamkulam)* : Will Government be pleased to state:—

(*a*) whether any of the Depot Managers of the Vadakkancheri Central Depot has been transferred to other departments;

(*b*) if so, who are those;

(*c*) when were they transferred;

(*d*) why were they transferred;

(*e*) to which departments were they transferred;

(*f*) who were the Godown Inspectors in charge of the godowns of the Vadakkancheri Central Depot from 1119 Meenam up to 1122 Vrischigam inclusive?

LIBRARY ARCHIVES Kerala Legislative Assembly